പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 217

# 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 19-10-19

പതിനാലാം കേരള നിയമസഭ
ബിൽ നമ്പർ 217

# 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

942/2019.

# 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഡിസംബർ 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>12-ാം വകുപ്പിന്റെ ഭേദഗതി</u>.—2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ (2011-ലെ 3), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (iv)-ാം ഇനം വിട്ടുകളയേണ്ടതാണ്.

3. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2019-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ ( 2011-ലെ 3) 12-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ചാൻസലർ, താഴെപ്പറയുന്ന അംഗങ്ങളടങ്ങുന്ന സെർച്ച് കമ്മിറ്റി ശിപാർശ ചെയ്യുന്ന പേരുകളുടെ പാനലിൽ നിന്നും വൈസ്ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരു അംഗം;

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യു ഒരു അംഗം;

(iii) ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ഐ.സി.എ.ആർ.) ഡയറക്ടർ ജനറലോ, അദ്ദേഹം നാമനിർദ്ദേശം ചെയ്യു ആളോ;

(iv) ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ (വി.സി.ഐ.) അദ്ധ്യക്ഷൻ.

എന്നാൽ, ഇന്ത്യൻ വെറ്ററിനറി കൗൺസിൽ അദ്ധ്യക്ഷന്റെ സ്ഥാനം ദീർഘകാലമായി ഒഴിഞ്ഞുകിടക്കുകയാണ്. അതുകൊണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി ഒഴിഞ്ഞു കിടക്കുന്ന വൈസ് ചാൻസലറുടെ പദവിയിലേക്ക് പരിഗണിക്കേണ്ട പേരുകളുടെ പാനൽ ശിപാർശ ചെയ്യേണ്ട സെർച്ച് കമ്മിറ്റി രൂപീകരിക്കുന്നതിന് പ്രയാസം നേരിടുന്നു. ആയതിനാൽ, കേരള കാർഷിക സർവ്വകലാശാലയുടെ കാര്യത്തിലെന്നപോലെ സെർച്ച് കമ്മിറ്റിയിൽ നിന്നും ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ (VCI) പ്രസിഡന്റിനെ ഒഴിവാക്കാൻ 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിലെ 12-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ iv-ാം ഇനം ഒഴിവാക്കിക്കൊണ്ട് ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2018-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2018 ഡിസംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2018 ഡിസംബർ 27-ാം തീയതിയിലെ 3271-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2018-ലെ 59-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2018-ലെ 59-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

മേൽപ്പറഞ്ഞ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2019 മാർച്ച് 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 മാർച്ച് 1-ാം തീയതിയിലെ 544-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2019-ലെ 17-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2019-ലെ 17-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ബിൽ 2019 മേയ് 27-ാം തീയതി ആരംഭിച്ച് 2019 ജൂലൈ 4-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

മേൽപ്പറഞ്ഞ ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2019-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2019 ജൂലൈ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2019 ജൂലൈ 6-ാം തീയതിയിലെ 1500-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2019-ലെ 27-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

2019-ലെ 27-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

കെ. രാജു.

(ശരിത്തർജ്ജമ)

# 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (2011-ലെ 3-ാം ആക്റ്റ്)

** ** ** **

12. <u>വൈസ് ചാൻസലർ.</u>—(1) വൈസ് ചാൻസലർ, ബോർഡ് ഓഫ് മാനേജ്മെന്റിന്റെ അംഗീകാരത്തോടു കൂടി ചാൻസലർ പ്രത്യേകമായോ ഈ ആക്റ്റോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകളോ പ്രകാരമോ അദ്ദേഹത്തിന് അനുവദിച്ചു കൊടുത്ത കർത്തവ്യങ്ങൾക്ക് ഉത്തരവാദിയായിരിക്കുന്നതും അദ്ദേഹം ചാൻസലറുടെ അഭാവത്തിൽ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്.

(2) ചാൻസലർ, ഇനി പറയുന്ന അംഗങ്ങൾ അടങ്ങുന്ന സെർച്ച് കമ്മിറ്റി ശിപാർശ ചെയ്യുന്ന പേരുകളുടെ പാനലിൽ നിന്നും വൈസ് ചാൻസലറെ നിയമിക്കേണ്ടതാണ്, അതായത്:—

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(ii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(iii) ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് ഡയറക്ടർ ജനറലോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആളോ;

(iv) ഇന്ത്യൻ വെറ്ററിനറി കൗൺസിലിന്റെ അദ്ധ്യക്ഷൻ.

** ** ** **